III ഇ.ബി. XII-കേരള നിയമസഭ/IV-2

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 5, തിങ്കൾ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ഉന്നയിക്കപ്പെടുകയും അവയിൽ *1–ന് മുഖ്യമന്ത്രിയും *2–ന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും മറുപടി നൽകി.

## II തട്ടേക്കാട് ബോട്ട് അപകടം സംബന്ധിച്ച റഫറൻസ്

തട്ടേക്കാട് പക്ഷിസങ്കേതത്തിനടുത്തുള്ള ഭൂതത്താൻകെട്ട് ഡാം റിസർവോയറിൽ വിനോദയാത്രയ്ക്കായി പോയ അങ്കമാലി, എളവൂർ സെന്റ് ആന്റണീസ് യു.പി. സ്ക്കൂളിലെ 15 വിദ്യാർത്ഥികളും 3 അദ്ധ്യാപകരും 2007 ഫെബ്രുവരി 20–ാം തീയതി ബോട്ട് മറിഞ്ഞ് ദാരുണമായി മരണപ്പെട്ട സംഭവം നാടിനെയാകെ ദു:ഖത്തിലാഴ്ത്തുകയുണ്ടായെന്നും ദുരന്ത സമയത്ത് നാട്ടുകാരും സന്നദ്ധ സംഘടനകളും സർക്കാർ സംവിധാനവും

ജനപ്രതിനിധികളും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ശ്ലാഘ നീയമാണെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതിനും പുതിയ നിയമങ്ങൾ ആവശ്യമാണെങ്കിൽ അവ നിർമ്മിക്കുന്നതിനും നാം സന്നദ്ധരാകണമെന്നും അപകടത്തിൽ മരണമടഞ്ഞ വരുടെ കുടുംബങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നുവെന്നും ദുരന്തത്തിൽ മരണമടഞ്ഞവരുടെ ഓർമ്മക്കുമുമ്പിൽ ഈ സഭ ആദരാഞ്ജലി അർപ്പി ക്കുന്നുവെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ ഒരു മിനിറ്റ് നേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III അടിയന്തിര പ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ ദുസ്സഹമായ വിലവർദ്ധനവുമൂലം കേരളത്തിലെ ജനജീവിതം ദുഷ്കരമായിത്തീർന്നതിനെത്തുടർന്ന് ഉളവായി ട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ആര്യാടൻ മുഹമ്മദും മറ്റ് രണ്ടംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കന്മാരും പ്രസ്താവനകൾ നടത്തിയശേഷം ഒന്നടങ്കം വാക്കൗട്ട് നടത്തി. ശ്രീ. എ. കെ. ശശീന്ദ്രനും ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രസ്താവന നടത്തുകയും

സഭവിട്ട് പുറത്തുപോകുകയും ചെയ്തു. പുറത്തുപോയ അംഗങ്ങൾ അൽപ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.

## IV ശ്രദ്ധ ക്ഷണിക്കൽ

(1) ശബ്ദ മലിനീകരണ നിയന്ത്രണം സംബന്ധിച്ച സുപ്രീം കോടതി വിധി കേരളത്തിലെ ക്ഷേത്രങ്ങളിലേയും പള്ളികളിലേയും ഉൽസവങ്ങളുടേയും ആചാരങ്ങളുടേയും നടത്തിപ്പിനെ ബാധിക്കുന്നതാകയാൽ പ്രസ്തുത വിധിക്കെതിരെ സുപ്രീം കോടതിയിൽ ഒരു റവ്യൂ പെറ്റീഷൻ കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ബാബു എം. പാലിശ്ശേരി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(സർവ്വശ്രീ തേറംപിൽ രാമകൃഷ്ണൻ, എ.സി. മൊയ്തീൻ, വി.എസ്. സുനിൽ കുമാർ എന്നിവരും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

(2) സംസ്ഥാനത്ത് ഐ.ഐ.ടി., ഐ.ഐ.എസ്.ഇ.ആർ. എന്നിവ സ്ഥാപിക്കുന്ന കാര്യത്തിലും തിരുവനന്തപുരം മെഡിക്കൽ കോളേജ് എ.ഐ.ഐ.എം.എസ്. പദവിയിലേയ്ക്ക് ഉയർത്തുന്ന കാര്യത്തിലും തടസ്സം നേരിട്ടിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് ശ്രീ. ജി. കാർത്തികേയൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

**V സബ്മിഷൻ**

(1) എ.ഡി.ബി. വായ്പ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ക്യാബിനറ്റ് എടുത്ത തീരുമാനത്തിൽ നിലനിൽക്കുന്ന സംശയം സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) അഡ്വക്കേറ്റ് വൽസരാജക്കുറുപ്പിന്റെ കൊലപാതകം സംബന്ധിച്ച് ശ്രീ. കെ.പി. മോഹനൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) ഇരവിപുരം മണ്ഡലത്തിൽ പോലീസ് സ്റ്റേഷൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.എ. അസീസ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) ആറളം-ആലക്കോട് മേഖലയിൽ ആദിവാസി ഭൂമി കയ്യേറിയത് സംബന്ധിച്ച് ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ച സബ്മിഷന് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനിയറിംഗ് കോളേജിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) എൻ.എച്ച്. 47 വികസിപ്പിക്കുന്നതിന്റെ ഭാഗമായി ചാലക്കുടി മുനിസിപ്പൽ ജംഗ്ഷൻ ഇല്ലാതാകുന്നത് സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(7) വാളകം മുതൽ ഏനാത്ത് വരെയുള്ള എം.സി. റോഡിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീമതി പി. അയിഷാ പോറ്റി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(8) ജനകീയ കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി ഇ.എസ്. ബിജിമോൾ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII ധനകാര്യം

### 2006-07 -ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് 2006-07-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു.

## VIII ക്രമപ്രശ്നം

2007-ലെ 19-ാം ഓർഡിനൻസ് ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ വച്ചിരിക്കുകയാണെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്തിരിക്കുക യാണെന്നും ഈ ബില്ലിന്റെ ഇപ്പോഴത്തെ സ്റ്റേജ് എന്താണെന്നും ചട്ടം 269 അനുസരിച്ച് സബജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ട പ്രമേയവും ഉപക്ഷേപവും ലാപ്സാകാത്തതിനാൽ ഉപക്ഷേപം പിൻവലിക്കുന്നതിന് മോഷൻ എന്തെങ്കിലും കൊണ്ടുവരുന്നുണ്ടോയെന്നും ഉള്ളത് സംബന്ധിച്ച് റൂളീംഗ് ഉണ്ടാകണമെന്ന ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ ക്രമപ്രശ്നത്തിന് ഇക്കാര്യം പരിശോധിച്ച് റൂളിംഗ് നൽകുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## IX ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ.വി. കുഞ്ഞിരാമൻ, കെ.പി. മോഹനൻ, തോമസ് ചാഴികാടൻ എന്നീ അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## X ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. ജയരാജൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു:

"2007 മാർച്ച് 2–ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

(ശ്രീ. ശ്രീ. വി.എൻ. വാസവൻ പ്രമേയത്തെ പിന്താങ്ങി.)

സർവ്വശ്രീ എ.കെ. ശശീന്ദ്രൻ, കെ. മുഹമ്മദുണ്ണി ഹാജി, യു.സി. രാമൻ, സി. ടി. അഹമ്മദ് അലി, പി. കെ. അബ്ദുറബ്ബ്, കെ. സുധാകരൻ, ടി.എൻ. പ്രതാപൻ, കെ. ബാബു, ജി. കാർത്തികേയൻ, എം.എ. വാഹീദ്, വി.ഡി. സതീശൻ, കെ. അച്ചുതൻ, കെ. സി. വേണുഗോപാൽ, പ്രൊഫ. കെ.വി. തോമസ് എന്നീ അംഗങ്ങൾ നന്ദിപ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചു.

സർവ്വശ്രീ ജി. കാർത്തികേയൻ, പി. തിലോത്തമൻ, കെ. കുട്ടി അഹമ്മദ് കുട്ടി, എം.കെ. പ്രേംനാഥ്, കെ. കുഞ്ഞിരാമൻ, വി. സുരേന്ദ്രൻ പിള്ള, കെ.ബി. ഗണേഷ് കുമാർ, പി. സി. ജോർജ്, പി.ടി.എ. റഹീം, എം.കെ.പുരുഷോത്തമൻ, കെ.സി. വേണുഗോപാൽ, വി. ശശികുമാർ, ബാബു പോൾ, രാജു എബ്രഹാം, പ്രൊഫ. എൻ. ജയരാജ്, പ്രൊഫ. കെ.വി. തോമസ്, ശ്രീമതി അയിഷാ പോറ്റി എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിൻമേലുള്ള ചർച്ചയിൽ പങ്കെടുത്തു:

2007 മാർച്ച് 6–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.40–ന് പിരിഞ്ഞു.